## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6420** **20-03-2023 - ൽ മറുപടിയ്ക്ക്**

## മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങി കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നത് കണക്കിലെടുത്ത് അവയ്ക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ വിളയുന്ന മരങ്ങൾ കാട്ടിൽ തന്നെ വച്ചുപിടിപ്പിക്കണം എന്ന നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | വനമേഖലയിൽ നിന്നും വന്യജീവികൾ ജനവാസമേഖലയിൽ ഇറങ്ങി കാർഷിക ഉൽപ്പന്നങ്ങളും മറ്റും നശിപ്പിക്കുന്നത് കണക്കിലെടുത്ത് വനത്തിനുള്ളിലുള്ള ഏകവിള തോട്ടങ്ങളായ അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, വാറ്റിൽ തുടങ്ങിയ വിദേശയിനം മരങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത്,വന്യജീവികൾക്ക് മികച്ച ആവാസ വ്യവസ്ഥ, ഭക്ഷ്യ സുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ കാട്ടുമാവ്, കാട്ടുനെല്ലി, കാട്ടുപ്ലാവ് തുടങ്ങിയ തദ്ദേശീയ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ച്, സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിന് വനങ്ങളുടെ പുന:സ്ഥാപന നയരേഖ 17-12-2021 ലെ സർക്കാർ ഉത്തരവ് നം.29/21/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരളം തുടർച്ചയായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പ്രാധാന്യം അർഹിക്കുന്നതാണ്. ഉദ്ദേശം27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുന:സ്ഥാപന പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുന:സ്ഥാപന പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നു. പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം അധിനിവേശ സസ്യങ്ങളെ നിർമ്മാജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) | വേനൽക്കാലത്ത് കാട്ടിനുള്ളിൽ ജല ലഭ്യത ഉറപ്പ് | (ബി) | വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി |

| | | | |
|---|---|---|---|
| | വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമമാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.വനത്തിനുള്ളിൽ ജലലഭ്യതയുറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്ക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മക്കുന്നു. വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി,മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണലഭ്യത ഉറപ്പാക്കുന്നതിന് വയലുകളിൽ കാണപ്പെടുന്ന കളകളുടെ നിർമ്മാർജ്ജനം കാട്ടുതീപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ